## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :3797 12.12.2018 ൽ മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ പഞ്ചിംഗ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ടി.എ അഹമ്മദ് കബീർ | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
| (എ) | സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ പഞ്ചിംഗ് സംവിധാന പ്രകാരം പൊതുവെ എത്ര ഉദ്യോഗസ്ഥരാണ് കൃത്യസമയത്തു ഹാജർ രേഖപ്പെടുത്താത്തത്; | (എ) | 01.12.2018 ലെ കണക്ക പ്രകാരം, ഫ്ലെക്സി ടൈം /ഗ്രേസ് ടൈം പോലുള്ള അനുവദനീയമായ ആനുകൂല്യങ്ങൾ കഴിഞ്ഞ് അന്നേ ദിവസം 52 ഉദ്യോഗസ്ഥരാണ് കൃത്യസമയത്ത് ഹാജർ രേഖപ്പെടുത്താത്തത്. |
| (ബി) | തുടർച്ചയായി വൈകി വരുന്ന ജീവനക്കാരുടെ ശമ്പളം കുറവ് ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | വൈകി വന്ന ജീവനക്കാരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പഞ്ചിംഗും ശമ്പളവും ബന്ധിപ്പിച്ചിട്ടുള്ള നൂതന ആശയം ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കാൻ സഹായിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ? | (സി) | പഞ്ചിംഗ് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടുകയും തൃപ്തികരമല്ലാത്ത വിശദീകരണം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചിംഗും ശമ്പളവും ബന്ധിപ്പിച്ചത് ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. |

B.S.Kumar

സെക്ഷൻ ഓഫീസർ